ഉത്തരം

6-1-2005-ൽ സ.ഉ. (സാധാ) 58/2005/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ കൊപ്പവും ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ ക്രമമനുസരിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് കൊപ്പം എന്ന സ്ഥലത്തും പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതാണ്.

കൊടുവള്ളി പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ നടപടി

51 [3102] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിനായി വല്ല പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) കൊടുവള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നെടുമ്പന പഞ്ചായത്തിൽ ദളിതരെ ആക്രമിച്ച സംഭവത്തെപ്പറ്റി അന്വേഷണം

52 [3103] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന പഞ്ചായത്തിലെ ചാലക്കരയിൽ ദളിത് വിഭാഗത്തിൽപ്പെട്ടവരെ ചിലർ ആക്രമിച്ച് പരിക്കേൽപ്പിച്ചിട്ടും ദളിതരെ ഭീഷണിപ്പെടുത്തി പ്രതികളെ രക്ഷപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതേപ്പറ്റി ഉന്നതതല അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ചാത്തന്നൂർ പി.എസ്. ക്രൈം നമ്പർ 84/05 യു/എസ്. 143, 147, 148, 323, 324, R/W 149 IPC and 27 Arms Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 7 പ്രതികളെ അറസ്റ്റ് ചെയ്ത് ഊർജ്ജിത അന്വേഷണം നടത്തി വരുന്നു.

(ബി) ഇതേപ്പറ്റി ലോക്കൽ പോലീസിന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്. ഉന്നതതല അന്വേഷണം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly